ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് എല്ലാ മാസത്തും ഞായറാഴ്ച ഒഴികെ എല്ലാ ദിവസങ്ങളിലും അര മണിക്കൂർ ചാക്രിക ലോഡ് ഷെഡിംഗാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി). നിലവിലുണ്ടായിരുന്ന അര മണിക്കൂർ ലോഡ് ഷെഡിംഗ് 9-6-2003-നാണ് ഗ്രാമപ്രദേശങ്ങളിൽ മാത്രം ഒരു മണിക്കൂർ ആയി ഉയർത്തിയത്. 22-6-2003-ന് ഇത് പിൻവലിച്ചു.

(സി) ഇതിന്റെ ഫലമായി ദിവസേന '7' ലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞു.

**വൈദ്യുതി ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി**

**2 (2279)** ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി എന്താണ് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) വൈദ്യുതി ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാറുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 2002-03-ലെ പ്രാരംഭകണക്കുകൾ പ്രകാരം മൊത്തം റവന്യൂ വരവ് 2646 കോടി രൂപയും റവന്യൂ ചെലവ് 3465 കോടി രൂപയുമാണ്. ടി കണക്കനുസരിച്ച് റവന്യൂ കമ്മി 819 കോടി രൂപയാണ്.

(ബി) ഉണ്ട്. പുറത്ത് നിന്ന് വാങ്ങുന്ന വൈദ്യുതിയുടെ വില നൽകാനായി കേന്ദ്ര പവർഫിനാൻസ് കോർപ്പറേഷനിൽ നിന്നും 150 കോടി രൂപ ഈ സാമ്പത്തിക വർഷം ഇതുവരെ വായ്പയായി എടുത്തിട്ടുണ്ട്. ഇതുകൂടാതെ ബാങ്കുകളിൽ നിന്നും ഓവർഡ്രാഫ്റ്റ് മുഖേനയും ദൈനംദിന പ്രവർത്തനങ്ങൾക്ക് വേണ്ടി വായ്പ എടുക്കാറുണ്ട്.

**വൈദ്യുതി ബോർഡിന്റെ കടബാദ്ധ്യത**

**3 (2280)** ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. ബിനോയ് വിശ്വം :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദിവസേന കൂടി വരുന്ന വൈദ്യുതിബോർഡിന്റെ കടബാദ്ധ്യത തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കടബാദ്ധ്യതയിൽനിന്നും കയറുന്നതിന് വൈദ്യുതി നിരക്ക് വർദ്ധനവല്ലാതെ മറ്റെന്തെല്ലാം മാർഗ്ഗങ്ങളാണ് ബോർഡ് പരിഗണിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 1. പവർഫിനാൻസ് കോർപ്പറേഷനിൽ നിന്നും കൂടിയ പലിശ നിരക്കിൽ എടുത്തിരുന്ന കടം പുനഃക്രമീകരിച്ചത് മുഖാന്തിരം (സ്വീപ്പിംഗ്) പലിശയിനത്തിൽ പ്രതിവർഷം ഏകദേശം ഒരു കോടി രൂപയുടെ കുറവുവരുന്നുണ്ട്.

2. കോഴിക്കോട് താപവൈദ്യുത നിലയനിർമ്മാണവുമായി ബന്ധപ്പെട്ട് ബാങ്കുകളിൽ നിന്ന് എടുത്തിരുന്ന 125 കോടി രൂപയുടെ വായ്പ പുനഃക്രമീകരിച്ചതുവഴി പലിശ ഇനത്തിൽ പ്രതിവർഷം ഏകദേശം 1.1 കോടി രൂപയുടെ കുറവ് വരുന്നുണ്ട്.

3. റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ, എൻ.ഐ.സി. എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾ പുനഃക്രമീകരിച്ച് കുറഞ്ഞ പലിശയിലേക്ക് മാറുവാനുള്ള ശ്രമം തുടർന്നു വരുന്നു.

4. എൻ.ടി.പി.സി. കായംകുളത്തെ ഒരു റീജിയണൽ പവർ സ്റ്റേഷൻ ആക്കിയതുമൂലം ആ സ്ഥാപനത്തിന് കൊടുക്കുവാനുള്ള ഫിക്സഡ് ചാർജ് തുകയിൽ പ്രതിമാസം 10.5 കോടി രൂപയുടെ കുറവുണ്ടാകുന്നുണ്ട്.

5. പ്രസ്തുത നിലയത്തിലേക്ക് ആവശ്യമായ നാഫ്തയുടെ വില്പന നികുതി 1-11-2002 മുതൽ കേരള സർക്കാർ ഒഴിവാക്കിയതുമൂലം അവിടെനിന്നും ലഭിക്കുന്ന വൈദ്യുതിയുടെ നിലയിൽ യൂണിറ്റിന് ഏകദേശം 11 പൈസയോളം കുറവു വരുന്നുണ്ട്.

6. കായംകുളം താപനിലയത്തിലേക്കാവശ്യമായ നാഫ്തയുടെ എക്സൈസ് ഡ്യൂട്ടി ഒഴിവാക്കിയതുമൂലം പ്രസ്തുത നിലയത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ വിലയിൽ ഒരു മാസം 8 കോടി രൂപയുടെ കുറവുണ്ടായി.

7. പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി മോഷണം തടയുന്നതിനും വേണ്ടിയുള്ള നടപടികൾ സത്വരമാക്കിയിട്ടുണ്ട്.

8. സർക്കാരിൽനിന്നും സബ്സിഡി ഇനത്തിൽ നൽകാനുള്ള തുകകൾ ബോർഡിന് പണമായി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നിരന്തരം നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly